കേരള സർക്കാർ

സംഗ്രഹം

ത സ്വ ഭ വ – മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12, 3.15 എന്നിവ സാധൂകരിച്ചും ഖണ്ഡികകൾ 3.10, 3.11 എന്നിവ പ്രകാരമുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്നും കണ്ടെത്തി തുല്യമായ സംഖ്യ തനത് ഫണ്ടിൽ നിന്നും സർക്കാരിലേക്ക് ഒടുക്കാൻ പഞ്ചായത്തിന് നിർദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.2352/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,31.07.2015

---

പരാമർശം : 1. ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 31.01.2014 – തിയതിയിലെ എ 0/665/14 (2) നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 13.10.2014 – തിയതിയിലെ എം3/29046/14 നമ്പർ കത്ത്

3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 23.06.2015 – തിയതിയിലെ എൽ.എഫ്.20414/പി.റ്റി3/ 14 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം നിലവിലുള്ള സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായി വ്യക്തികൾക്കും കുടുംബങ്ങൾക്കും ഫർണ്ണീച്ചർ വാങ്ങുന്നതിന് സബ്സിഡി നൽകിയ ഇനത്തിലുള്ള 60142 രൂപാ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. എസ്.സി വികലാംഗ വൃദ്ധക്ഷേമപരിപാടി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധരും വികലാംഗരുമായ പാവപ്പെട്ട രോഗികളിൽ നിന്ന് ഏറ്റവും കൂടുതൽ അർഹരായ 12 ആളുകൾക്കാണ് മരക്കട്ടിൽ വിതരണം ചെയ്തിരുന്നതെന്നും രോഗികളും ഏറെ അവശരുമാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട മേൽ ഗുണഭോക്താക്കളെന്നും ഇങ്ങനെ ഒരു പദ്ധതി ആസൂത്രണം ചെയ്തത് ഇവർക്ക് വളരെ ഗുണപ്രദമായിട്ടുണ്ടെന്നും ഓഡിറ്റ് റിപ്പോർട്ട് വന്നതിനു ശേഷം ഇത്തരത്തിലുള്ള പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ലെന്നും ആയതിനാൽ ഈ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറുടെ പേരിൽ ബാധ്യതയായി കണക്കാക്കിയിരിക്കുന്ന 60142 രൂപായുടെ ചെലവിന്മേലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കി ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്.

2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാ.. ശിശുവികസന പരിപാടിയുടെ ഭാഗമായുള്ള പോഷകാഹാര പ്രൊജക്റ്റുകൾ, ആശ്രയ അഗതി പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണ പ്രൊജക്റ്റുകൾ എന്നിവയല്ലാതെ വികസന/തനത് ഫണ്ടുപയോഗിച്ച് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാനുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കില്ല എന്നിരിക്കെ ഇക്കാര്യത്തിൽ മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായി ചെലവഴിച്ച 1,80,000 രൂപാ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. അരി, വെളിച്ചെണ്ണ, ചെറുപയർ, കടല എന്നീ ഭക്ഷ്യധാന്യങ്ങളടങ്ങിയ കിറ്റുകളായായിരുന്നു ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതെന്നും വളരെ പാവങ്ങളും പിന്നോക്കം നിൽക്കുന്നവരുമായ ആദിവാസികളുടെ ക്ഷേമം മാത്രമായിരുന്നു മേൽ പദ്ധതി നിർവഹണത്തിന്റെ പിന്നിലെ ലക്ഷ്യമെന്നും ആയതിനാൽ ഈ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറുടെ പേരിൽ ബാധ്യതയായി കണക്കാക്കിയിരിക്കുന്ന 1,80,000 രൂപായുടെ ചെലവിന്മേലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കി ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്.

2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 പ്രകാരം നിലവിലുള്ള സർക്കാർ-മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായി വിത്ത്, വളം എന്നിവക്ക് സബ്സീഡി പണമായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ചതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. ഹരിതസംഘങ്ങളുടെ നേതൃത്വത്തിലാണ് വിത്തുകൾ, ജൈവവളം എന്നിവ സംഭരിച്ചതെന്നും ഈയിനത്തിൽ സബ്സീഡി തുക ഹരിതസംഘം സെക്രട്ടറിമാർക്കാണ് തുക ഡി.ഡി.ആയി നൽകിയതെന്നും പദ്ധതി നടത്തിപ്പിലൂടെ പഞ്ചായത്തിന്റെ കൃഷിയുൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിലുള്ള തടസ്സവാദം ഒഴിവാക്കി സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്.

2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.15 പ്രകാരം 11-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം കാലിത്തീറ്റ വിതരണത്തിന് സബ്സീഡി നൽകുവാൻ വ്യവസ്ഥയില്ലെന്നിരിക്കെ ഇക്കാര്യത്തിൽ മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായി ചെലവഴിച്ച 2,87,885 രൂപാ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതോ അല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടേണ്ടതോ ആണെന്ന് വ്യക്തമാക്കിയിരുന്നു. മൃഗസംരക്ഷണമേഖലയിലെ ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതി എന്ന നിലയിൽ ഇക്കാര്യത്തിലുള്ള തടസ്സവാദം ഒഴിവാക്കി സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ മേൽ ഖണ്ഡികകൾക്ക് സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ, സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഖണ്ഡിക 3.10, 3.11 എന്നിവ പ്രകാരമുള്ള തടസ്സങ്ങളിന്മേൽ നഷ്ടോത്തരവാദിയായ ഡോ.കൈരളിദേവി എന്നയാൾക്ക് സർചാർജ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും നിലവിലുള്ള

സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക വിരുദ്ധമായി നടപ്പിലാക്കിയ പദ്ധതികളായതിനാൽ ഖണ്ഡിക 3.12, 3.15 എന്നിവ പ്രകാരമുള്ള തടസ്സങ്ങളിന്മേൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 പ്രകാരമുള്ള 3,00,000 രൂപയുടെ തടസ്സം ( മൂന്ന ലക്ഷം രൂപാ മാത്രം), 3.15 പ്രകാരമുള്ള 2,87,885 രൂപയുടെ തടസ്സം ( രണ്ടു ലക്ഷത്തി എൺപത്തിയേഴായിരത്തി എണ്ണൂറ്റി എൺപത്തിയഞ്ച് രൂപാ മാത്രം) എന്നിവ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഖണ്ഡികകൾ 3.10 പ്രകാരമുള്ള 60142 രൂപയുടെ തടസ്സം ( അറുപതിനായിരത്തി നൂറ്റി നാൽപ്പത്തിരണ്ട് രൂപാ മാത്രം), 3.11 എന്നിവ പ്രകാരമുള്ള 1,80,000 ( ഒരു ലക്ഷത്തി എൺപതിനായിരം രൂപാ മാത്രം) എന്നിവ പ്രകാരമുള്ള ചെലവുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തുകയും തുല്യമായ സംഖ്യ തനത് ഫണ്ടിൽ നിന്നും സർക്കാരിലേക്ക് ഒടുക്കുവാൻ പഞ്ചായത്തിന് നിർദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
അസിസ്റ്റന്റ് പഞ്ചായത്ത് ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ